# 'ദോഷങ്ങളാൽ പരീക്ഷിക്കാത്ത നല്ല ദൈവം'

## യാക്കോബ് 1:13-14

''പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു.''

ജീവിതത്തിൽ വിവിധ പരീക്ഷകളിലൂടെയും, പ്രശ്നങ്ങളിലൂടെയും കടന്നു പോകാത്തതായി ആരും തന്നെ ഉണ്ടാവുകയില്ല. അപ്പോഴെല്ലാം, ഒരിക്കലെങ്കിലും നാം ദൈവത്തെ ചോദ്യം ചെയ്യുന്നവരായിട്ടില്ലേ? ഇത് എന്തിനു ഭവിച്ചു. ദൈവമെന്നെ സ്നേഹിക്കുന്നില്ല അഥവാ കൈവിട്ടുകളഞ്ഞു എന്നിങ്ങനെ പല പരിഭവങ്ങളും നാം ദൈവത്തോട് അറിയിച്ചിട്ടുണ്ടാവാം. എന്നാൽ ഈ വക പരീക്ഷകളെല്ലാം ദുഷ്ടന്റെ തന്ത്രങ്ങളാണെന്ന സത്യം നാം മനസ്സിലാക്കുന്നവരായിരിക്കണം. മാത്രമല്ല ഏത് പരീക്ഷകളെയും തരണം ചെയ്ത് നമ്മെ വിടുവിക്കുവാൻ ദൈവം ഇടയാക്കുകയും ചെയ്യും. എല്ലാം നന്മക്കാക്കിത്തീർക്കുന്നവനാണ് നമ്മുടെ ദൈവം.

നമ്മുടെ തന്നെ ജീവിതത്തിലെ കഴിഞ്ഞകാല അനുഭവങ്ങൾ പരിശോധിച്ചാൽ അത് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഏത് നീറുന്ന പരീക്ഷകളിലും ദൈവം വലിയ വിടുതൽ നൽകി ഇന്നുവരെയും നമ്മെ ജയോത്സവമാക്കി നടത്തുന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. ഇയ്യോബിന്റെ ജീവിതം പരിശോധിക്കുമ്പോൾ നമുക്ക് കാണാം അവൻ വളരെ ദൈവഭക്തിയോടെ ജീവിച്ചുപോന്ന നല്ല ഒരു വ്യക്തിജീവിതമായിരുന്നു. എന്നിട്ടുപോലും പിശാച് ദൈവസന്നിധിയിൽ വന്ന് അവനെ (ഇയ്യോബിനെ) പരീക്ഷിക്കേണ്ടതിന് അനുവാദം ചോദിക്കുന്നതായി നാം വായിക്കുന്നുണ്ട്. എല്ലാം നഷ്ടമായിക്കൊണ്ടിരിക്കുമ്പോഴും ഇയ്യോബ് തന്റെ ജീവിതത്തിലെ ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം കൈവിട്ടുകളഞ്ഞില്ല. അതുകൊണ്ടുതന്നെ പിന്നത്തേതിൽ ഏറ്റവും അധികമായി ഇയ്യോബിനെ ദൈവം അനുഗ്രഹിക്കുന്നതായി കാണാം.

അബ്രഹാമും തന്റെ ഏകജാതനായ യിസ്ഹാക്കിനെ യാഗം കഴിക്കുവാൻ കടന്നു പോകുമ്പോൾ ലവലേശം ദൈവത്തെ സംശയിക്കാതെ ചോദ്യം ചെയ്യാതെ ദൈവത്തെ അനുസരിക്കുന്നതായി നാം വായിച്ചിട്ടുണ്ടല്ലോ. ഈ വ്യക്തി ജീവിതങ്ങളെല്ലാം തന്നെ ദൈവവുമായി ആഴമേറിയ ഒരു ബന്ധം സ്ഥാപിച്ചിരുന്നവരായിരുന്നു. എന്നിട്ടും അവരുടെ

ജീവിതത്തിൽ ചില പരീക്ഷകൾ നേരിടേണ്ടി വന്നു. അത്രമാത്രം ആഴമായ ഒരു ദൈവ വിശ്വാസവും ഉറപ്പും നമുക്ക് കൂടിയേ തീരൂ.

പ്രിയ ദൈവപൈതലേ, ഇന്ന് താങ്കളും ഇങ്ങനെയൊരു പ്രതികൂല സാഹചര്യത്തിലൂടെയാണോ നടന്നു നീങ്ങുന്നത്. ദൈവഹിതമനുസരിച്ച് ജീവിക്കുമ്പോഴും ചുറ്റും പരീക്ഷകളാണോ താങ്കളെ എതിരേൽക്കുന്നത്. അങ്ങനെയെങ്കിൽ ദൈവത്തിലുള്ള ഒരു ആഴമേറിയ വിശ്വാസം താങ്കളിലുണ്ട് എന്ന് അറിയാവുന്നതുകൊണ്ട് ദൈവം അത് അനുവദിക്കുന്നതാകുന്നുവെന്ന് നമുക്ക് മനസ്സിലാക്കാം. അതുമാത്രമല്ല, ഇവയെല്ലാം ഒരു അനുഗ്രഹമാക്കി
(വിടുതൽ നൽകുവാൻ) മാറ്റുവാൻ ദൈവം മതിയായവനെന്ന് നമുക്ക് ഉറപ്പിച്ച് വിശ്വസിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**
1 കൊരിന്ത്യർ 10:13

‘‘മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവർ പോക്കുവഴിയും ഉണ്ടാക്കും.’’

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 043**